To witness to His love and compassion


# KANNUR DIOCESAN GAZETTE
# കണ്ണൂർ രൂപതാ ഗസറ്റ്

| Vol. XVIII | 2017 May 15 | No: 3 |
|---|---|---|


## മതബോധന ഞായർ

വന്ദ്യ വൈദികരെ, സന്യസ്തരെ, വത്സല മക്കളെ,

2017 ജൂൺ 4, ഞായറാഴ്ച മതബോധന അദ്ധ്യയന വർഷാരംഭം ആചരിക്കുകയാണല്ലോ. രൂപതയിലെ 63 സൺഡേ സ്ക്കൂളുകളിലെ മുഴുവൻ കുട്ടികളേയും രൂപതാമദ്ധ്യസ്ഥ വരപ്രസാദ മാതാവിന്റെ വിമല ഹൃദയത്തിനു സമർപ്പിച്ചുകൊണ്ട്, 2017-2018 അധ്യയന വർഷത്തെ പ്രവർത്തനങ്ങൾ നാം തുടക്കം കുറിക്കുകയാണ്. ചിറക്കൽ മിഷൻ സ്ഥാപനത്തിന്റെ 80-ാം വാർഷികം ആഘോഷിക്കുന്ന ഈ അവസരം വിശ്വാസ പരിപോഷണത്തിൽ കൂടുതൽ കരുതലോടെ പദ്ധതികളിടാനുള്ള സമയമാണ്. 'വിശ്വാസത്തിന്റെ അഗ്നി കുടുംബങ്ങളിലേക്ക്' എന്നതാണല്ലോ നാം തിരഞ്ഞെടുത്തിട്ടുള്ള ആപ്തവാക്യം. ഇത്തരുണത്തിൽ സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട മേഖലയായ വിശ്വാസജീവിത പരിശീലന കർത്തവ്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേരള സഭയിൽ ഇന്നുള്ള ദൈവവിളികൾക്കും കുടുംബ ഭദ്രതയ്ക്കും അടിസ്ഥാനമായി നിൽക്കുന്നത് ക്രമമായും ചിട്ടയായും കുട്ടികൾക്ക് നമ്മൾ നൽകുന്ന സൺഡേ സ്ക്കൂളുകളിലെ വിശ്വാസ പരിശീലനമാണെന്നത് പ്രധാനപ്പെട്ട കാര്യമാണ്.

സഭയുടെ ഏറ്റവും വലിയ ഉത്തരവാദിത്വവും കടമയുമാണ് വിശ്വാസപരിശീലനം. ദൈവത്തിന്റെ അമൂല്യദാനമായ വിശ്വാസം വളരുന്നതും ഫലം ചൂടുന്നതും വിശ്വാസികളുടെ കൂട്ടായ്മയിലാണ്. വർഷങ്ങൾക്കു മുൻപുതന്നെ പലയിടങ്ങളിലും പള്ളികളും പള്ളിക്കൂടങ്ങളും സൺഡേ സ്ക്കൂൾ പ്രവർത്തനങ്ങൾക്കു ആരംഭം കുറിച്ചിരുന്നു എന്നത് ആഴമായ വിശ്വാസത്തിനു തെളിവാണ്.

"നാം ഭൂമിയിലായിരിക്കുന്നത് ദൈവത്തെ അറിയാനും സ്നേഹിക്കാനും അവിടുത്തെ ഇഷ്ടമനുസരിച്ചു നന്മ ചെയ്യുവാനും ഒരു ദിവസം സ്വർഗ്ഗത്തിൽ പോകാനുമാണ്." (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം 1-3, 358 ) ഒരു ഇടവകയുടെ പരമപ്രധാനമായ ദൗത്യമാണ് ഇടവകമക്കളെ വിശ്വാസത്തിൽ വളർത്തി സ്വർഗ്ഗത്തിലെത്തിക്കുക എന്നത്. ഈ കാലഘട്ടത്തിൽ വിശ്വാസജീവിതത്തെ വഴിതെറ്റിക്കുന്ന പ്രവണതകൾ ഏറിവരികയാണ്. അധാർമ്മികതയുടെ വേലിയേറ്റവും മൂല്യശോഷണവും സഭാപാരമ്പര്യങ്ങൾക്കും പഠനങ്ങൾക്കും നിരക്കാത്ത രീതിയിൽ വിശുദ്ധലിഖിതങ്ങളെ വ്യാഖ്യാനിക്കുന്ന വിവിധ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളും സഭാത്മക ജീവിതത്തെയും വിശ്വാസ ബോധ്യങ്ങളെയും വ്യതിചലിപ്പിക്കാൻ ശക്തവുമാണ്. ഇത്തരുണത്തിൽ വർദ്ധിച്ച മൂല്യബോധവും അടിയുറച്ച വിശ്വാസവും സമ്പന്നമായ ആധ്യാത്മികതയും നിസ്വാർത്ഥമായ പ്രേഷിതചൈതന്യവും സ്വായത്തമാക്കി നമ്മുടെ കുഞ്ഞുങ്ങൾ വളർന്നു വരണമെങ്കിൽ അവർക്കു മെച്ചപ്പെട്ട വിശ്വാസപരിശീലനം കൂടിയേ തീരൂ. ഇതിന് അടിസ്ഥാനമായി നിൽക്കുന്നത് കുടുംബത്തിലെ വിശ്വാസപരിശീലനവും തുടർന്നുള്ള മതബോധന ക്ലാസ്സുകളുമാണ്.

വിശ്വാസപരിശീലനത്തിന് അടിത്തറ പാകുന്നത് കുടുംബത്തിലാണ്. രണ്ടാംവത്തിക്കാൻ കൗൺസിൽ കുടുംബത്തെ "ഗാർഹികസഭ" എന്നാണ് വിശേഷിപ്പിച്ചത്. മാതാപിതാക്കൾ കുട്ടികളുടെ വിശ്വാസപരിശീലകരും, മാതൃകയുമാണ്. നമ്മുടെ കുടുംബത്തിൽ പരമ്പരാഗതമായി പുലർത്തിവരുന്ന നല്ല ശീലങ്ങളും, നിഷ്ഠകളും, ആധ്യാത്മികാനുഷ്ഠാനങ്ങളും ഒരിക്കലും നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം. പ്രഭാതപ്രാർത്ഥന, ജപമാല, ബൈബിൾപാരായണം, കുമ്പസാരം, വി. കുർബാനാസ്വീകരണം, ഉപവാസം, നോമ്പാചരണം, ഭക്തസംഘടനകളിലെ പ്രവർത്തനം എന്നിവ മുടങ്ങാതിരിക്കൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. കൂടാതെ കുടുംബത്തിലെ നല്ല പതിവുകളും ആചാരമര്യാദകളും ഞായറാഴ്ച ആചരണവും കുട്ടികളെ പരിശീലിപ്പിക്കണം. ട്യൂഷൻ, ഇതരപരിശീലന പരിപാടികൾ എന്നിവ ഞായറാഴ്ചത്തെ മതബോധന ക്ളാസ്സുകൾക്ക് തടസ്സമാകാതെ ക്രമീകരിക്കേണ്ടതാണ്. സ്വന്തം ഇടവകയിൽ നിന്നുമാറി കേരളത്തിൽതന്നെ 11, 12 ക്ളാസ്സുകളിൽ സ്കൂൾ പഠനത്തിനായി പോകുന്ന കുട്ടികളെ അവർ പഠിക്കുന്ന സ്ഥാപനത്തിനടുത്തുള്ള സൺഡേ സ്കൂളിൽ ചേർത്ത് വേദപാഠപഠനം പൂർത്തിയാക്കാൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതാണ്. മതബോധനസർട്ടിഫിക്കറ്റ് നമ്മുടെ രൂപതയിൽ Marriage Preparation Course- ന് വരുമ്പോഴും രൂപതയുടെ മറ്റു ആവശ്യങ്ങൾക്കു വരുമ്പോഴും നിർബന്ധമായും ഉണ്ടാകണമെന്നു ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതിനാൽ എല്ലാവരും ബൈബിൾ ക്ളാസ്സുവരെ മതബോധനം പൂർത്തിയാക്കണമെന്ന കാര്യം ശ്രദ്ധിക്കണം.

നമ്മുടെയൊക്കെ പൂർവികരുടെ ജീവിതത്തിൽ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന ദൈവവിശ്വാസവും ദൈവാശ്രയബോധവും പ്രത്യാശയും സഹോദരസ്നേഹവും ഐക്യവും പങ്കുവെയ്ക്കലും ത്യാഗമനോഭാവവും നമ്മുടെ കുടുംബങ്ങളിൽ പുന:പ്രതിഷ്ഠിക്കേണ്ടതാണ്. കുടുംബങ്ങൾ ദൈവവിളിയുടെ പരിശീലനകളരിയാണ്. നല്ല കുടുംബ പശ്ചാത്തലത്തിൽ നിന്നു വരുന്നവർക്കേ നല്ല അജപാലരായിരിക്കുവാൻ സാധിക്കുകയുള്ളു എന്ന വസ്തുത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കുഞ്ഞുങ്ങളെ വഴിതെറ്റിക്കുന്ന മദ്യം, മയക്കുമരുന്ന്, പുകയില, മറ്റു ലഹരിവസ്തുക്കൾ എന്നിവയ്ക്കു നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കൊടുക്കരുത്. ടി.വി ചാനലുകൾ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവ കുഞ്ഞുങ്ങളെ വഴിതെറ്റിക്കാൻ സാധ്യതയുള്ളതിനാൽ മാതാപിതാക്കൾ കുട്ടികളുടെ നല്ല കാവൽക്കാരും സുഹൃത്തുക്കളുമായി മാറണം.

കുട്ടികളുടെ വിശ്വാസപരിശീലനത്തിന്റെ മറ്റൊരു പ്രധാനവേദിയാണ് സൺഡേ സ്ക്കൂളുകൾ. ബഹുമാനപ്പെട്ട ഫൊറോന ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മറ്റിയാണ് ഫൊറോനയിലെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുക്കേണ്ടത്. മാസത്തിലൊരിക്കലെങ്കിലും ഡയറക്ടറുടെ നേതൃത്വത്തിലുള്ള മീറ്റീംഗുകൾ ഓരോ ഫൊറോന തലത്തിലും ചേരേണ്ടതാണ്. 1 മുതൽ 13 ക്ളാസ്സുവരെ നീണ്ടുനിൽക്കുന്ന വിശ്വാസപരിശീലന പദ്ധതിയാണ് നമ്മുടെ സഭയിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നത്. വിശ്വാസപരിശീലനം ഒരു ഇടവകയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി കണ്ട് കുട്ടികൾക്ക് നല്ല പരിശീലനം കൊടുക്കാൻ വേണ്ട ഭൗതികസാഹചര്യം ഓരോ വികാരിയച്ചൻമാരും സന്യസ്തരും ഇടവകസമൂഹവും ഒരുക്കേണ്ടതാണ്. കുട്ടികളെ സഭയോടു ചേർന്നു നിൽക്കുവാൻ സഹായിക്കുന്നതും, വി.കുർബാന കേന്ദ്രീകൃതവുമായ ഒരു വിശ്വാസപരിശീലനത്തിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. ഇളംതലമുറയ്ക്ക് വിശ്വാസം പകർന്നുകൊടുക്കുന്നതിനും അത് ആഴപ്പെടുത്തുന്നതിനും ദൈവാശ്രയവും ദൈവഭക്തിയും ദൈവഭയവുമുള്ള കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിനുമുള്ള സൺഡേസ്ക്കൂളുകളുടെ പ്രവർത്തനങ്ങളിൽ ഇടവകയിലെ എല്ലാ അംഗങ്ങളുടെയും സഹായവും സഹകരണവും ഉണ്ടാകണമെന്നോർമ്മിപ്പിക്കുകയും ചെയ്യുന്നു. ഇത്തരുണത്തിൽ നമ്മുടെ സൺഡേ സ്ക്കൂളുകളിൽ നിസ്വാർത്ഥമായി വിശ്വാസ പരിശീലനത്തിലേർപ്പെട്ടിരിക്കുന്ന എല്ലാ മതാദ്ധ്യാപകരേയും, മാതാപിതാക്കളെയും അവർക്കു നേതൃത്വം കൊടുക്കുന്ന ബഹു:വൈദികരെയും സിസ്റ്റേഴ്സിനേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. അവർക്ക് ധാരാളം ദൈവാനുഗ്രഹം ഉണ്ടാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. രൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന മതബോധനകേന്ദ്രത്തിലെ ഏവരേയും കൃതജ്ഞതയോടെ ഓർക്കുന്നു. രൂപതയിലെ മിഷനറിമാരുടെ ജീവതവുമായി ബന്ധപ്പെട്ട 'അഭിഷേകം' എന്ന പുസ്തകത്തെ അടിസ്ഥാനപ്പെടുത്തി 7-ാം ക്ലാസ്സു മുതൽ 13-ാം ക്ലാസ്സുവരെയുള്ള ക്വിസ് മത്സരം എല്ലാ മതബോധന വിദ്യാർത്ഥികളും എല്ലാ മതാദ്ധ്യാപകരും

നിർബന്ധമായും ഈ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. താൽപര്യമുള്ള ഇടവക ജനങ്ങൾക്കും പങ്കെടുക്കാം പഠിക്കാനുള്ള പുസ്തകം രൂപത മതബോധന ഓഫീസിൽ ലഭ്യമാണ്.

ഓരോ ഇടവകയിലും 2017-2018 അദ്ധ്യനവർഷത്തെ മതബോധനക്ലാസ്സുകൾ പ്രവേശനോത്സവത്തോടുകൂടി ആരംഭിക്കുന്നത് കൂടുതൽ നന്നായിരിക്കും. ജൂൺ 4-ന് രൂപതാതല പ്രവേശനോത്സവം ബക്കളം ഫാത്തിമ മാതാ ദേവാലയത്തിൽ വെച്ച് രാവിലെ 9.00 ന് ദിവ്യബലിയോടുകൂടി ആരംഭിക്കും. അന്നേ ദിവസം എല്ലാ ഇടവകയിൽ നിന്നും രണ്ട് മതാദ്ധ്യാപകർ ഈ പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജൂൺ മാസം ഈശോയുടെ തിരുഹൃദയ മാസമാണ്. പരിശുദ്ധ കുർബ്ബാനയുടെ തിരുനാളാഘോഷിക്കുന്ന 3-ാം ഞായർ അന്നു മതബോധന വിദ്യാർത്ഥികൾക്കായി വികാരിയച്ചന്റെ നിർദ്ദേശപ്രകാരം ഒരു മണിക്കൂർ ആരാധന എല്ലാ ദേവാലയങ്ങളിലും നടത്തണം.

കുഞ്ഞുങ്ങൾ "ബലവാനായ ഈശോയെപ്പോലെ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടെയും സംപ്രീതിയിലും" വളർന്നുവരാൻ നസ്രത്തിലെ തിരുകുടുംബം കൃപനൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. പ്രിയപ്പെട്ടവരെ, ഒരിക്കൽക്കൂടി എല്ലാവർക്കും മതബോധനഞായറിന്റെ ആശംസകൾ നേരുന്നു. വിശ്വാസപരിശീലനരംഗത്ത് പ്രവർത്തിക്കുന്ന എല്ലാവരെയും വിശ്വാസപരിശീലനത്തിൽ ഏർപ്പെടുന്ന കുഞ്ഞുങ്ങളേയും ഞാൻ ആശിർവദിക്കുകയും വരപ്രസാദനാഥയുടെ മാധ്യസ്ഥസഹായത്തിനായി സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പൈതൃകാശിർവാദത്തോടെ

✠ അലക്സ് വടക്കുംതല
കണ്ണൂർ രൂപതാ മെത്രാൻ

കണ്ണൂർ
മെയ് 15, 2017

---

**പ്രത്യേക ശ്രദ്ധയ്ക്ക്** : ഈ സർക്കുലർ മെയ് 28 ന് ഞായറാഴ്ച എല്ലാ പള്ളികളിലും കപ്പേളകളിലും സ്ഥാപനങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.